(സി) വനിതാ ഫുട്ബോൾ ടീമംഗങ്ങൾക്ക് സ്പോർട്സ് കൗട്ടയിൽ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകുന്നുണ്ടോ;

(ഡി) സർക്കാർ ജോലി നൽകുന്ന കാര്യത്തിൽ വനിതാ ഫുട്ബോൾ ടീമിനെ അവഗണിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്പോർട്സ് കൗൺസിലിന്റെ കീഴിൽ സംസ്ഥാന വനിതാ ഫുട്ബോൾ ടീം നിലവിലില്ല.

(ബി) പുരുഷ ഫുട്ബോൾ ടീമംഗങ്ങൾക്ക് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കോച്ചിംഗ് ക്യാമ്പിനായി പ്രതിദിനം 60 രൂപ ഡി. എ. യും മത്സരത്തിന് പോകുന്നതിനുള്ള ടി. എ., ഡി. എ., യൂണിഫോം അലവൻസ്, ട്രാക്ക് സ്യൂട്ട് എന്നിവയും നൽകിവരുന്നു. കൂടാതെ ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ക്യാഷ് അവാർഡും നൽകിവരുന്നു. ഈ ആനുകൂല്യങ്ങളെല്ലാം വനിതാ ഫുട്ബോൾ ടീമംഗങ്ങൾക്കും നൽകിവരുന്നു.

(സി) ഉണ്ട്.

(ഡി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കണ്ണൂരിൽ വിമാനത്താവളം

162 [1101] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വിമാനത്താവളത്തിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും;

(ബി) ഇതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ വിമാനത്താവള പദ്ധതിയുടെ പ്രാരംഭ നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) സ്വകാര്യപങ്കാളിത്തത്തോടെ കണ്ണൂരിൽ ഒരു വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുവാൻ തീരുമാനിച്ചതിനെത്തുടർന്ന് കണ്ണൂരിൽ വിമാനത്താവളം സ്ഥാപിക്കുവാനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുകയും, കേന്ദ്ര വ്യോമയാനമന്ത്രിയോട് ടി അനുമതി താമസംവിനാ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. വിമാനത്താവളപദ്ധതി ദ്രുതഗതിയിൽ നടത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കുള്ള സാങ്കേതിക സാമ്പത്തിക സാദ്ധ്യതാപഠനം പൂർത്തിയാക്കി സമർപ്പിക്കുന്നതിന് കിൻഫ്രയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly